പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1775 — 17.06.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അനുബന്ധ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുമോ ; | (എ) സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ വനിതാ അനുബന്ധ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളികൾക്കു നൽകി വരുന്ന വീട് നിർമ്മാണ ധനസഹായം അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രതിവർഷം 240 രൂപ നിക്ഷേപിക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് പെൻഷനു പുറമെ, ബോർഡിന്റെ മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) മത്സ്യബോർഡ് മുഖേന അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>(A) (a)അപകടം മൂലം മരണപ്പെടുന്ന അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം - 3,00,000/-രൂപ<br>(b) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് - 3,00,000/- രൂപ<br>(c) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 1,50,000/- രൂപ<br>(B)(a) അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടി വരുന്നവർക്ക് ധനസഹായം - 20,000/- രൂപ<br>(b) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം - 5,000/- രൂപ<br>(c) ശവസംസ്കാര ചടങ്ങിന് ധനസഹായം - 2,000/- രൂപ.<br>(2) വാർദ്ധക്യകാല പെൻഷൻ - 500/- രൂപ പ്രതിമാസം<br>(3) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം - 750/- രൂപ |

(4) എസ്.എസ്.എൽ.സി., +2 പരീക്ഷയിൽ ഉന്നതവിജയം നേടുന്നവർക്ക് - 5,000/-, 4,000/-, 3,000/- രൂപ ക്രമം

(5) രോഗചികിത്സ ധനസഹായം - 25,000/- രൂപ പരമാവധി

(6) അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം - 1,500/- രൂപ

(7) കുടുംബ സംവിധാനത്തിന് ധനസഹായം - 500/- രൂപ

(8) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി എല്ലാ വിഷയത്തിനും A+ നേടുന്നവർക്ക് - 5,000/- രൂപ

സെക്ഷൻ ഓഫീസർ